പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2967 — 17.10.2016 -ൽ മറുപടിക്ക്.

## അർഹരായവർക്ക് ബി.പി.എൽ. കാർഡ്

| ചോദ്യം<br>**ശ്രീ. റ്റി.വി.രാജേഷ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) അനർഹരായ നിരവധി കുടുംബങ്ങൾ ഇപ്പോഴും ബി.പി.എൽ. കാർഡ് കൈവശംവെച്ച് ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) ഉണ്ടെങ്കിൽ അത്തരം കാർഡുടമകളെ ബി.പി.എൽ. കാർഡിന്റെ പരിധിയിൽ നിന്നൊഴിവാക്കി അർഹരായവർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ) & (ബി) ഉണ്ട്; അനർഹരായി ബി.പി.എൽ/എ.എ.വൈ കാർഡുകൾ കൈവശം വച്ചിട്ടുള്ള സർക്കാർ/അർദ്ധ സർക്കാർ/സഹകരണ മേഖലയിൽ ജോലി നോക്കുന്നവർ കാർഡുടമകളായോ അംഗങ്ങളായോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ തിരികെ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ നല്കി മാറ്റി വാങ്ങുന്നതിന് നിർദ്ദേശം നല്കിയിരുന്നു. നിലവിൽ അനർഹരായവർക്ക് സ്വയം കാർഡുകൾ തിരിച്ചേൽപ്പിക്കുന്നതിനുള്ള സൗകര്യം ഉള്ളതോടൊപ്പം വകുപ്പിലെ പരിശോധനയിലൂടെ അനർഹരെ കണ്ടെത്തുകയും കാർഡുകൾ മാറ്റി നല്കുകയും ചെയ്തു വരുന്നു. 2013 ലെ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തുമ്പോൾ നിലവിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തിനെ കണ്ടെത്തി അനർഹരെ ഒഴിവാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ